# ഖുർആൻെറ ശാസ്ത്രസൂചനകൾ

jthrees@hotmail.com

## 2. ആകാശങ്ങൾ

ആകാശം അഥവാ വാനം എന്നത് ഒരു വസ്തുവിൻെറ പേരല്ല. ഉപരലോകത്തെ കുറിക്കാൻ പണ്ടുമുതലേ ഉപയോഗിച്ചു വന്ന നാമമാകുന്നു ആകാശം. താഴെ നിന്ന് നോക്കിയാൽ തികച്ചും ശൂന്യമാണവിടെ. എന്നാൽ എണ്ണിയാൽ തീരാത്ത ചെറുതും വലുതുമായ ഭദ്രമായി നിർമിച്ചു സംരക്ഷിക്കപ്പെടുന്ന അനേകം ലോകങ്ങൾ വേറെയുമുണ്ട്. മൊത്തത്തിൽ പ്രപഞ്ചങ്ങളെ കുറിക്കാനാണ് ഖുർആൻ ആകാശം എന്ന നാമം സ്വീകരിച്ചിട്ടുള്ളത്.

ആകാശത്തെ സംബന്ധിച്ച പരാമർശം ഖുർആനിൽ ഒട്ടേറെ സ്ഥലങ്ങളിൽ കാണാം.

*"പിന്നീട് അവൻ ആകാശത്തിനു നേരെ തിരിഞ്ഞു. അത് ഒരു പുകയായിരുന്നു. എന്നിട്ട് അതിനോടും ഭൂമിയോടും പറഞ്ഞു: നിങ്ങൾ രണ്ടും അനുസരണത്തോടെയോ നിർബന്ധിതമായോ വരിക. അവ രണ്ടും പറഞ്ഞു: ഞങ്ങളിതാ അനുസരണമുള്ളവരായി വന്നിരിക്കുന്നു."* (ഹാമീം-സജദ 11)

ഈ വചനത്തിലെ ആകാശം കൊണ്ട് അർഥമാക്കുന്നത് പ്രപഞ്ചം മുഴുവനുമാകുന്നു. പ്രപഞ്ചം സൃഷ്ടിക്കപ്പെട്ടത് അഥവാ അതിൻെറ മൂലപദാർഥം രൂപരഹിതങ്ങളായ ധൂളികളിൽ(നബുല) നിന്നാകുന്നു.

*"ആകാശത്തെ നാം സ്വന്തം കൈകൊണ്ട് നിർമിച്ചു. തീർച്ചയായും നാം അതിന് കഴിവുള്ളവനാകുന്നു. നാമതിനെ വികസിപ്പിക്കുന്നവനാകുന്നു."* (അദ്ദാരിയാത് 47)

*"ഏഴ് ആകാശങ്ങളും ഭൂമിയും അവയിലുള്ളവയും അവനെ പ്രകീർത്തിച്ചുകൊണ്ടിരിക്കുന്നു."* (ഇസ്രാഅ് 44)

*"നിശ്ചയം ആകാശഭൂമികളുടെ ആധിപത്യം അവൻെറത് മാത്രമാകുന്നു."* ( തൗബ 116)

*"ആകാശഭൂമികൾ അവയുടെ നിർണിത സ്ഥാനത്തുനിന്ന് നീങ്ങിപ്പോകാതിരിക്കുന്നതിന് അവയെ നിയന്ത്രിച്ചുനിർത്തുന്നത് അല്ലാഹുവാകുന്നു. അവ രണ്ടും നീങ്ങിപ്പോകുന്ന പക്ഷം അവയെ പിടിച്ചുനിർത്താൻ അല്ലാഹുവിനു പുറമെ മറ്റാർക്കും സാധിക്കുകയില്ല. അല്ലാഹു വളരെ സഹനശീലനും വളരെയധികം പൊറുക്കുന്നവനുമാകുന്നു."* (അന്നഹ്ൽ 79)

*"അവനാകുന്നു ആകാശഭൂമികളെ യാഥാർഥ്യത്തോടു കൂടി സൃഷ്ടിച്ചവൻ."* (അൽഅൻആം 73)

ഈ പ്രപഞ്ചസൃഷ്ടിപ്പ് കേവലം വിനോദമല്ല. ദൈവികമായ യുക്തിയുടെയും തത്വദീക്ഷയുടെയും അടിസ്ഥാനത്തിൽ വളരെ ഗൗരവത്തോടെയുള്ള ദൈവികനിർമിതിയാണത്. അതിനാലാണ് അവൻ *"ഈ ആകാശവും ഭൂമിയും അവയ്ക്കിടയിലുള്ളതും വിനോദമായി സൃഷ്ടിച്ചതല്ല"* എന്ന് അരുളിയത്.

*"...അപ്പോൾ അവൻ രണ്ട് നാളുകളിലായി അവയെ സപ്തവാനങ്ങളായി സംവിധാനിക്കുകയും ഓരോ വാനത്തിനും അവയുടെതായ നിയമങ്ങൾ ബോധനം നല്കുകയും ചെയ്തു. സമീപവാനത്തെ നാം ദീപാലംകൃതമാക്കി, തികച്ചും സുരക്ഷിതവുമാക്കി. അതൊക്കെയും സർവജ്ഞനായ പരമശക്തൻെറ ആസൂത്രണമാകുന്നു."* (ഫുസ്സിലത് 21)

*"ആകാശങ്ങളെ അവൻ നിങ്ങൾ കാണുന്ന തൂണുകളില്ലാതെ സൃഷ്ടിച്ചിരിക്കുന്നു."*

*"സപ്തവാനങ്ങളെ സൃഷ്ടിച്ചവനാരോ അവനത്രെ അല്ലാഹു. ഭൂമിയുടെ ഇനത്തിലും അവയെപ്പോലുള്ളത് സൃഷ്ടിച്ചു. അവയ്ക്കിടയിൽ ശാസനയിറക്കിക്കൊണ്ടിരിക്കുന്നു."* ( അത്ത്വലാഖ് 12)

ഉപരിലോകത്തുള്ള സർവം ഈ പ്രപാഞ്ചികഘടനയിൽ ഭൂമിയുമായി സഹകരിച്ചു പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. മനുഷ്യനാണ് അവയിൽനിന്നെല്ലാം ഉപകാരങ്ങൾ നേടിയെടുക്കുന്നത്. ഖുർആൻ പറഞ്ഞു:

*" താരകങ്ങളെ മരുഭൂമിയിലെയും സമുദ്രത്തിലെയും അന്ധകാരങ്ങളിൽ നിങ്ങൾക്ക് കഴികാണിക്കുന്നതാക്കിവെച്ചതും അവനാകുന്നു. അറിവുള്ള ജനത്തിനായി നാം അടയാളങ്ങൾ വിവരിച്ചു തരുന്നതുനോക്കുക."* (ഖുർആൻ 6: 97)


*"നിങ്ങൾക്കു മീതെ നാം സപ്തപഥങ്ങൾ നിർമിച്ചിട്ടുണ്ട്. സൃഷ്ടികാര്യത്തിൽ നാം ഒട്ടും അശ്രദ്ധനായിട്ടില്ല."* (അൽ മുഅ്മിനൂൻ: 17)

ഏഴ് ആകാശങ്ങളെക്കൊണ്ട് ഉദ്ദേശിക്കുന്നത് ഏഴ് ആകാശങ്ങളാവാം ഗ്രഹങ്ങളുമാകാം. ഖുർആൻെറ ആദ്യകാല ജനതക്ക് സുപരിചിതമായിരുന്ന "ഏഴ്" എന്ന സംഖ്യയെയോ അല്ലെങ്കിൽ "ഏഴ് ആകാശം" എന്ന അവരുടെ പരിമിത അറിവിനെയോ അവലംബിച്ച് പറഞ്ഞതാകാം അത്. (ദൈവമാണ് കൂടുതൽ അറിയുന്നവൻ.)

സപ്തപഥങ്ങൾ എന്താണെന്ന കാര്യം വ്യക്തമായി നിർണയിക്കാനാകില്ല. തനിക്കുപരിയായ ഈ ലോകത്തെ വ്യത്യസ്ത വീക്ഷണത്തിലൂടെ നോക്കിക്കാണാനാണ് എന്നും മനുഷ്യൻ തയാറായിട്ടുള്ളത്. ഒന്നുകിൽ ഉപരിലോകത്തെ ഏഴ് പ്രബല മണ്ഡലങ്ങളായി വിഭജിച്ചതാവാം, അല്ലെങ്കിൽ ഭൂമി സ്ഥിതി ചെയ്യുന്ന പ്രപഞ്ചമണ്ഡലം ഏഴ് മണ്ഡലങ്ങളെ ഉൾക്കൊള്ളുന്നതാകാം. (അല്ലാഹുവാകുന്നു കൂടുതൽ അറിയുന്നവൻ.)

ഭൂമിയെപ്പോലെ വാസയോഗ്യമായ മറ്റു സ്ഥലങ്ങളും ഈ മഹാപ്രപഞ്ചത്തിൽ ദൈവം തയാറാക്കിയിട്ടുണ്ട് എന്നാണ് മേൽവചനങ്ങളിൽനിന്ന് മനസ്സിലാകുന്നത്. വാനലോകങ്ങൾ എന്ന പരാമർശങ്ങൾ ഖുർആനിൽ പല സ്ഥലങ്ങളിലും കാണാം.

നമ്മെ മൂടിനില്ക്കുന്ന വസ്തുവായിട്ടാണ് ആകാശത്തെ സംബന്ധിച്ച നമ്മുടെ വിലയിരുത്തൽ. അതിനു താഴെ ചൂടും വെളിച്ചവുമേകുന്ന സൂര്യനും ചന്ദ്രനും കുറേ നക്ഷത്രങ്ങളും ഉണ്ട്. അതിനപ്പുറം നമുക്ക് ആകാശം ഒന്നുമല്ല. കാലഭേദമനുസരിച്ച് അവിടെ കാർമേഘങ്ങൾ വരികയും മഴയായി വർഷിക്കുകയും ചെയ്യുന്നു. ഇതാണ് നമ്മുടെ നഗ്നനേത്രങ്ങളിൽ ആകാശം.



ആകാശത്തിൻെറ
എക്സ്-റെഇമേജ്



സോളാർസിസ്റ്റത്തിലെ
വിവിധ ഗോളങ്ങൾ

ആധുനിക ഉപകരണങ്ങളുടെ സഹായത്തോടെ നോക്കുമ്പോൾ ഈ ആകാശം അനന്തവിസ്തൃതമായ ഒരു പ്രപഞ്ചമായി മാറും; ആദിയും അന്തവും ദർശിക്കാനാകാത്ത, ചിന്തിക്കുംതോറും കണ്ണും മനസ്സും തളർന്നുപോകുന്ന, ഗവേഷണങ്ങളിൽ പോലും ഒതുങ്ങാത്ത വിസ്തൃത ലോകങ്ങൾ നിറഞ്ഞ ബ്രഹദ്പ്രപഞ്ചം. ഭൂമിയെക്കാൾ ലക്ഷക്കണക്കിന് ഇരട്ടി വലുപ്പമുള്ള അനേകം നക്ഷത്രങ്ങളും സൂര്യന്മാരും അതിൽ കറങ്ങിക്കൊണ്ടിരിക്കുന്നു. നമ്മുടെ ക്ഷീരപഥത്തിൽ തന്നെ മൂന്ന് ബില്യനിലധികം ഗോളങ്ങളുണ്ട്. നമ്മുടെ സൗരയൂഥ ത്തെക്കാൾ അനേകം മടങ്ങ് വലുപ്പമുള്ള സൂരയൂഥങ്ങളും അതിൽ സ്ഥിതി ചെയ്യുന്നു. പത്തുലക്ഷത്തോളം ക്ഷീരപഥങ്ങൾ ഇതുവരെയായി കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്. ഭൂമിയോട് അടുത്ത് കിടക്കുന്ന ക്ഷീരപഥത്തിൽനിന്ന് പ്രകാശം ഭൂമിയിലേക്കെത്താൽ പത്ത് ലക്ഷം വർഷങ്ങൾ വേണം. ആ പ്രകാശം സെക്കൻറിൽ 108,0000 മൈൽ വേഗത്തിലാകുന്നു സഞ്ചരിക്കുന്നത്. ഇക്കാര്യം നേരത്തെ സൂചിപ്പിച്ചു. അടുത്ത കാലത്ത് കണ്ടുപിടിക്കപ്പെട്ട ക്ഷിരപഥമാണ് **Source 3c 295**. കോടിക്കണക്കിന് വർഷങ്ങൾക്കു മുമ്പ് അതിൽ നിന്ന് പുറപ്പെട്ട പ്രകാശം ഇനിയും ഭൂമിയിലെത്തിയിട്ടില്ല. നമ്മുടെ പഠനത്തിലും ശ്രദ്ധയിലും പെടാത്തവ ഇനിയും എത്രയോ ഉണ്ടാകാം. ഭൂമിയുടെതിന് തുല്യമായ പ്രകൃതിയും കാലാവസ്ഥയുമുള്ള ഇരുപത് കോടിയോളം ഗ്രഹങ്ങൾ നമ്മുടെ ഈ ക്ഷീരപഥത്തിൽ ഉണ്ടെന്നാണ് അമേരിക്കൻ ഗോളനിരീക്ഷണകേന്ദ്രത്തിൻെറ പഠനം. ഇരുട്ടുള്ള പ്രദേശത്തുനിന്ന് നഗ്നനേത്രങ്ങൾ കൊണ്ട് 3000 നക്ഷത്രങ്ങളെ

ദർശിക്കാൻ സാധിക്കും. വായുവിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന പരിസ്ഥിതിപ്രശ്നം ഈ ദൃശ്യത്തെ കൂടുതൽ പ്രയാസമാക്കിക്കൊണ്ടിരിക്കുകയാണ്.

ആയിരക്കണക്കിന് വർഷങ്ങൾക്കു മുമ്പുതന്നെ മനുഷ്യർ ആകാശത്തെ പഠന വിധേയമാക്കിയിട്ടുണ്ട്. അതിന്റെ ഫലമായാണ് ദുഷ്കരമായ കടൽയാത്രകളും സമയ നിർണയവും കാലാവസ്ഥാനിർണയവുമൊക്കെ അവർ ചെയ്തിരുന്നത്. ഇന്ന് അത് വളർന്ന് വാനശാസ്ത്രജ്ഞന്മാർ നക്ഷത്രലോകങ്ങളെ സംബന്ധിച്ച ഗവേഷണത്തിലും പഠനത്തിലും എത്തിക്കഴിഞ്ഞു.

ഈ മഹാപ്രപഞ്ചം വിപുലവും അത്യധികം ഭദ്രമായ ഘടനയിലുമാണുള്ളത്. അവയ്ക്കിടയിൽ വിടവോ പ്രതിബന്ധങ്ങളോ ഇല്ല. ഉണ്ടായിരുന്നെങ്കിൽ നക്ഷത്രലോകങ്ങളിൽനിന്നുള്ള പ്രകാശം ഭൂമിയിലേക്ക് എത്തുമായിരുന്നില്ല.

നാം കാണുന്ന ഈ ഗ്രഹങ്ങൾ വെറുതെ കറങ്ങുകയല്ല, അവയിലൊക്കെ അവിടത്തെ സാഹചര്യങ്ങൾക്കനുസൃതമായ ജീവികളും ഉണ്ടാകാം.

പ്രപഞ്ചസൃഷ്ടിപ്പിനെ സംബന്ധിച്ച പഠനത്തിൽ ശാസ്ത്രത്തിന് ഖുർആൻ പരാമർശങ്ങളെയോ ഖുർആന്റെ ആളുകൾക്ക് ശാസ്ത്രീയകണ്ടുപിടിത്തങ്ങളെയോ നിരാകരിക്കാനാകാത്ത വിധം ഖുർആന്റെ പ്രതിപാദനങ്ങളും ശാസ്ത്രകണ്ടുപിടിത്തങ്ങളും ഇഴചേർന്നു നില്ക്കുന്നു.

ഖുർആൻ ചോദിക്കുന്നു:

*“ശരി, എപ്പോഴെങ്കിലും അവർ തങ്ങളുടെ മീതെയുള്ള ആകാശത്തേക്ക് നോക്കിയിട്ടില്ലേ? നാമത് ഏത് വിധം നിർമിക്കുകയും അലങ്കരിക്കുകയും ചെയ്തിരിക്കുന്നുവെന്ന്. അതിൽ എവിടെയും ഒരു വിടവുമില്ല.”* (ഖുർആൻ 50: 6)

നമുക്ക് ദർശിക്കാനാകുന്നതും അല്ലാത്തതുമായ ഗ്രഹ-ഉപഗ്രങ്ങളുടെയും അവയുടെയൊക്കെ പ്രദക്ഷിണമാർഗങ്ങളുടെയും ധൂമകേതുക്കളുടെയും ഗോളങ്ങളിൽ ഉണ്ടാകുന്ന സ്ഫോടനം ഫലമായ ഉണ്ടാകുന്ന ഉൽക്കകളുടെയും ഉൽക്കാപിണ്ഡങ്ങളുടെയും പലവിധ രശ്മികളുടെയും മറ്റുവിധത്തി ലുള്ള വായുമണ്ഡലങ്ങളുടെയും സങ്കേതമാകുന്നു ഉപരിലോകം. അവയിൽ പലതിനെയും നമുക്ക് ഇനിയും മനസ്സിലാക്കാനായിട്ടില്ല. അതിലേക്ക് സൂചന നല്കിക്കൊണ്ട് അല്ലാഹു പറഞ്ഞു:

*“ആകാശത്തിൽ നാം സുഭദ്രമായ കോട്ടകൾ നിർമിച്ചു. അതിനെ കാഴ്ചക്കാർക്കായി താരകങ്ങളാൽ അലങ്കരിച്ചു.”* (അൽ ഹിജ്ർ 16)

ഈ വചനത്തിലെ കോട്ടകൾ, താരകങ്ങൾ എന്നിവ ഇനിയും പൂർണമായി ശാസ്ത്രത്തിന്റെ പഠനത്തിന് വിധേയമാകാത്തവയാണ്. കോട്ടകൾ കൊണ്ടുദ്ദേശിക്കുന്നത് സൂര്യന്റെ പ്രകാശമണ്ഡലങ്ങളോ വിവിധ നക്ഷത്രലോകങ്ങളോ ആകാശലോകത്തെ വിവിധ മണ്ഡലങ്ങളോ ആകാം. ഈ മണ്ഡലങ്ങൾ സംരക്ഷിതമേഖലകളാകുന്നു. അതിൽനിന്ന് ഏതെങ്കിലും വസ്തുവിന് പുറത്തേക്ക് പോകുവാനോ പുറത്തുനിന്ന് അതിലേക്ക് പോകുവാനോ സാധ്യമല്ല. ഓരോ മണ്ഡലത്തിനും അതിന്റേതായ നക്ഷത്രലോകത്തെയും സ്ഥാപിച്ചുകൊണ്ടാണ് ദൈവം ഈ മഹാപ്രപഞ്ചഘടന സംതുലിതവും ഭദ്രവുമാക്കിയിട്ടുള്ളത്.

സ്പേസിൽനിന്നും 26-50 മൈൽ വേഗതയിൽ പാഞ്ഞുവരുന്ന ഉൽക്കകളിൽനിന്നും ദൈവം ഭൂമിയെ കാത്തുസംരക്ഷിക്കുന്നത് ഇത്തരം കോട്ടകൾ മുഖേനയാണ്. ഈ മണ്ഡലങ്ങളിൽ വെച്ചാവാം ഉൽക്കകൾ നശിപ്പിക്കപ്പെടുന്നത്.

*“സമീപവാനത്തെ നാം താരകങ്ങളാൽ അലംകൃതമാക്കിയിരിക്കുന്നു.”* (അസ്സ്വാഫാത് 6)

ഖുർആന്റെ ഈ പ്രസ്താവന നമുക്ക് നോക്കിയാൽ കാണാൻ സാധിക്കുന്ന ആകാശമാണ്. അതിനപ്പുറം ഉപകരണങ്ങളിലൂടെ മാത്രം കാണാൻ സാധിക്കുന്ന ആകാശലോകങ്ങളും അതിനും ഉപരിയായി ഒരു നിലക്കം കാണാനാകാത്ത ആകാശലോകങ്ങളുണ്ട്.

ഈ കാര്യങ്ങളെ മനുഷ്യന്റെ മുമ്പിലേക്കിട്ട് പ്രപഞ്ചസ്രഷ്ടാവ് ചോദിക്കുന്നു:

*“നിങ്ങളെ സൃഷ്ടിക്കുന്നതാണോ കൂടുതല്‍ ദുഷ്കരം, അതല്ല ആകാശം സൃഷ്ടിക്കുന്നതോ? അതിനെ അല്ലാഹു നിര്‍മിച്ചിട്ടുണ്ടല്ലോ. അതിന്‍റെ മേല്‍പുര നന്നായി ഉയര്‍ത്തി, സംതുലിതമായി സ്ഥാപിച്ചിരിക്കുന്നു.”* **(അന്നാസിആത് 27-28)**